# അന്തർ സംസ്ഥാന പോക്കറ്റടി സംഘം മുക്കം പോലീസിന്റെ പിടിയിൽ



മുക്കം: സംസ്ഥാന വ്യാപകമായി പോക്കറ്റടി നടത്തി വരുന്ന നാലു പേരടങ്ങുന്ന സംഘത്തെ മുക്കം പോലീസും താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് അംഗങ്ങളും ചേർന്ന് പിടികൂടി. മലപ്പുറം, വയനാട്, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നിരവധി പോക്കറ്റടി കേസുകളിൽ പ്രതികളാണ് സംഘം. കൊച്ചി സ്വദേശിയും മലപ്പുറം കരുവാരക്കുണ്ടിൽ സ്ഥിരതാമസക്കാരനുമായ 'വെള്ളയിൽ ഭായ്' എന്നറിയപ്പെടുന്ന ഹസ്സൻ (61), തിരുവമ്പാടി സ്വദേശി മരക്കാട്ടുചാലിൽ ആഷിഖ്(26), വയനാട് പുൽപ്പള്ളി സ്വദേശി വാക്കയിൽ ബിനോയ്(43), താമരശ്ശേരി അമ്പായത്തോട് സ്വദേശി ഷെമീർ (40) എന്നിവരാണ് പിടിയിലായത്.

താമരശ്ശേരി DySP പി.ബിജുരാജിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് മുക്കം എസ്.ഐ KP അഭിലാഷും സംഘവും മുക്കം ടൗണിൽ വ്യാപകമായ തിരച്ചിൽ നടത്തിവരുന്നതിനിടെ അപരിചിതരായ ഒരു സംഘം മുക്കത്തെ സ്വകാര്യ ലോഡ്ജിൽ താമസിക്കുന്നുണ്ടെന്ന് മനസ്സിലാക്കി ലോഡ്ജിലെത്തിയപ്പോഴേക്കും ഇവർ പുറത്തേക്ക് പോയിരുന്നു. തുടർന്ന് പോലിസ് സംഘം മഫ്തിയിൽ ലോഡ്ജും പരിസരവും നിരീക്ഷിച്ചു വരുന്നതിനിടെ റൂമിൽ തിരിച്ചെത്തിയ സംഘത്തെ പിടികൂടുകയായിരുന്നു. ഈ സമയം പ്രതികൾ മുക്കത്തു നിന്നും കോഴിക്കോട്ടേക്ക് പോയ ബസ്സിൽ വെച്ച് മലയമ്മ സ്വദേശിയായ ബസ് യാത്രക്കാരന്റെ ട്രൗസർ കീറി പണം അപഹരിച്ച് തിരിച്ചെത്തിയതായിരുന്നു. പ്രതികളിലൊരാളായ ആഷിഖിന് മോഷണക്കേസുകളടക്കം നിരവധി കേസുകളുണ്ട്. മറ്റു മൂന്നു പേരും വർഷങ്ങളായി പോക്കറ്റടി നടത്തി വരുന്നവരുമാണ്. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ച് രാവിലേയും വൈകുന്നേരങ്ങളിലും തിരക്കുള്ള ബസ്സുകളിൽ കയറി പോക്കറ്റടി നടത്തുന്നതാണ് ഇവരുടെ രീതിയെന്ന് മുക്കം എസ്.ഐ KP അഭിലാഷ് പറഞ്ഞു. പലപ്പോഴും പണം നഷ്ട്ടപ്പെട്ട ആളുകൾ പരാതിപ്പെടാത്തതാണ് ഇവർ പിടിക്കപ്പെടാതിരുന്നതിന് കാരണം.

മുക്കം എസ്.ഐ KP അഭിലാഷ്, താമരശ്ശേരി DySP യുടെ ക്രൈം സ്ക്വാഡ് അംഗങ്ങളായ ഷിബിൽ ജോസഫ്, ഷെഫീഖ് നീലിയാനിക്കൽ, മുക്കം പോലീസ് സ്റ്റേഷനിലെ ASI ജെയമോദ്, SCPO സലിം മുട്ടത്ത്, ശ്രീജേഷ്, ശ്രീകാന്ത്, ജിതിൻലാൽ, WCPO രജനി എന്നിവരും പോലീസ് സംഘത്തിലുണ്ടായിരുന്നു. താമരശ്ശേരി കോടതിയിയിൽ ഹാജറാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.